**S. AANANTHAKRISHNAN IPS**
ADDITIONAL DIRECTOR GENERAL OF POLICE &
TRANSPORT COMMISSIONER, KERALA

**Transport Commissionerate**
**II Floor, Trans Towers, Vazhuthacaud**
**Thiruvananthapuram-695 014**
Phone { Office : 0471-2333314
Fax : 0471-2333314
Mobile : 8547639080
E-mail : tc@keralamvd.gov.in

നം. സി2/18473/റ്റി.സി./2012 തീയ്യതി: 20.06.2017

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും (N/C)

സർ,

വിഷയം: *മോട്ടോർ വാഹന വകുപ്പ്*- മേഖലാടിസ്ഥാനത്തിലുള്ള പരിശോധനകൾ സംബന്ധിച്ച്.

മേഖലാടിസ്ഥാനത്തിലുള്ള പരിശോധനാപരിപാടി (Zonal Checking) ഈ അടുത്തകാലത്തായി അവഗണിക്കപ്പെടുന്നതായാണ് മനസ്സിലാകുന്നത്. ഒരു മേഖലയിലെ എല്ലാ ഉദ്യോഗസ്ഥരും ഒരു ജില്ലയിൽ കേന്ദ്രീകരിച്ച് വാഹന പരിശോധന നടത്തുമ്പോൾ അത് സാധാരണ പരിശോധനകളേക്കാൾ ശക്തവും കുറ്റങ്ങൾ ചെയ്താൽ കണ്ടുപിടിക്കപ്പെടും എന്ന ബോധം റോഡ് ഉപയോഗിക്കുന്നവരിൽ ഉളവാക്കുന്നതിൽ സഹായകരവുമായിരിക്കും. അതിനാൽ ജൂൺ മാസം 26 മുതൽ ജൂലൈ മാസം 26 വരെയുള്ള ഒരു മാസത്തിനകത്ത് എല്ലാ മേഖലാ ഡി.റ്റി.സി മാരും അവരുടെ വ്യക്തിപരമായ മേൽനോട്ടത്തിൽ മേഖലാതലപരിശോധനകൾ നടത്തേണ്ടതാണ്. അതിനായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. എൻഫോഴ്സ്മെന്റ് സ്ക്വാഡ് ഉദ്യോഗസ്ഥരും ആർ.ടി ഓഫീസ് / സബ് ആർ.ടി.ഓഫീസ് ഉദ്യോഗസ്ഥരും ഉൾപ്പെടെ ഒരു മേഖലയിലെ പരമാവധി ഉദ്യോഗസ്ഥരെ പരിശോധനകളിൽ പങ്കെടുപ്പിക്കേണ്ടതാണ്.
2. ഒരു ദിവസത്തെ പരിശോധന ഒരു റവന്യൂ ജില്ലാ പരിധികൾ പൂർണ്ണമായും ഉൾക്കൊള്ളത്തക്ക രീതിയിൽ ആസൂത്രണം ചെയ്യേണ്ടതാണ്.
3. പരിശോധന ഒരു ദിവസത്തെ പകൽ സമയവും രാത്രി സമയവും ഉൾക്കൊള്ളത്തക്ക വിധം വിവിധ ടീമുകൾക്ക് സമയം വ്യത്യസ്തമായി വിഭജിച്ചു നൽകി ഡി.റ്റി.സി മാർ ചെയ്യിക്കേണ്ടതാണ്. രാത്രികാലങ്ങളിൽ കൂടുതൽ അപകടങ്ങൾക്കിടയാക്കുന്ന മദ്യപിച്ചുള്ള ഡ്രൈവിംഗ്, ലൈറ്റ് ഡിം ചെയ്യാതിരിക്കുക, അമിതവേഗം മുതലായവ കണ്ടുപിടിക്കേണ്ടത് അത്യാവശ്യമാണ്.
4. റോഡ് സുരക്ഷയ്ക്ക് അത്യന്താപേക്ഷിതമായതും അപകടങ്ങളും തുടർന്നുള്ള മരണങ്ങളും ഒഴിവാക്കാൻ ആവശ്യമായതുമായ തരത്തിലുള്ള പരിശോധനകൾ; ഉദാഹരണം:- അമിതവേഗം, വാഹനം ഡ്രൈവ് ചെയ്യുമ്പോൾ മൊബൈൽ ഫോണിൽ സംസാരിക്കുക, മദ്യപിച്ച് വാഹനം ഓടിക്കുക, അപകടകരമായി വാഹനമോടിക്കുക മുതലായ കുറ്റകൃത്യങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകി പരിശോധനകൾ നടത്തണം.
5. ഇക്കാലത്ത് പൊതുവായി കണ്ടുവരുന്നതും പൊതുജനജീവിതത്തെയും റോഡു സുരക്ഷയേയും പ്രതികൂലമായി ബാധിക്കുന്നതുമായ അനുവദനീയമല്ലാത്ത അമിത പ്രകാശമുള്ള ലൈറ്റുകളുടെ ഉപയോഗം, എയർഹോണുകളുടെ ഉപയോഗം, വളരെ ഉച്ചത്തിലുള്ള സ്പീക്കർ സംവിധാനങ്ങളുടെ ഉപയോഗം, വാഹനമോടിക്കുമ്പോൾ വേണ്ട സമയത്ത് ഇൻഡിക്കേറ്റർ ഉപയോഗിക്കാതിരിക്കുക, ഇൻഡിക്കേറ്ററും ബ്രേക്ക് ലൈറ്റും പ്രവർത്തിക്കാതിരിയ്ക്കുക, ട്രാൻസ്പോർട്ട് – ഗുഡ്സ് വാഹനങ്ങളിൽ രാത്രികാലത്ത് തിരിച്ചറിയൽ എളുപ്പമാക്കാനുള്ള റിഫ്ലക്ടറുകൾ ഉപയോഗിക്കാതിരിക്കുക മുതലായ കുറ്റകൃത്യങ്ങൾക്ക് പ്രത്യേകം ശ്രദ്ധ നൽകേണ്ടതാണ്.

6. പരിശോധനാ സമയത്ത് നടപടികൾ നിയമാനുസൃതവും സാമാന്യ മര്യാദകൾക്ക് യോജിച്ചതുമായ രീതിയിലും ആയിരിക്കണമെന്നുള്ളത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. സംസാരം, ഭാഷ, ആംഗ്യങ്ങൾ എന്ന് തുടങ്ങി പരിശോധനയ്ക്ക് വിധേയരാകുന്നവർക്ക് അസഹ്യതയും മനോവിഷമവും ഉളവാക്കുന്ന തരത്തിലുള്ള പെരുമാറ്റം പരിശോധകരുടെ ഭാഗത്തു നിന്നും ഉണ്ടാകാതിരിക്കുവാൻ എല്ലാ ഉദ്യോഗസ്ഥരും പ്രത്യേകമായി ശ്രദ്ധിക്കേണ്ടതാണ്.

7. പരിശോധനകൾ സാധാരണ ഗതിയിലുള്ള ഓഫീസ് പ്രവർത്തനങ്ങളെ ബാധിക്കാതിരിക്കാനായി ബുധനാഴ്ചകളിലും ശനി, ഞായർ ദിവസങ്ങളിലുമായി ഡി.റ്റി.സിമാർ നിശ്ചയിക്കുന്ന പ്രകാരം ചെയ്യേണ്ടതാണ്.

8. ഈ പരിശോധനയുടെ പ്രധാന ഉദ്ദേശം റോഡ് സുരക്ഷ ഉറപ്പാക്കുക എന്നുള്ളതാണ്. അതിനാൽ പരമാവധി പിഴയടപ്പിക്കുക എന്നുള്ളതിൽ നിന്നും വ്യത്യസ്തമായി റോഡ് സുരക്ഷയ്ക്കനുഗുണമായ പെരുമാറ്റം പൊതുജനങ്ങളിൽ നിന്നുമുണ്ടാകാൻ തക്കതായ പരിശോധനാരീതികളാണ് അവലംബിക്കേണ്ടത്.

9. ഒരു റവന്യൂ ജില്ലയിലെ ചെക്കിംഗ് ഒരു തുടർച്ചയായ 24 മണിക്കൂർ സമയത്തിനകം പൂർത്തിയാക്കേണ്ടതും പരിശോധനയുടെ വിശദമായ സ്ഥിതി വിവര കണക്ക് ഡി.റ്റി.സി മാർ സീനിയർ ഡി.റ്റി.സി (ട്രാക്ക്ലേഷൻ), ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ, ട്രാൻസ്പോർട്ട് കമ്മീഷണർ എന്നിവർക്ക് അടുത്ത ദിവസം തന്നെ ലഭ്യമാക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ

എസ്. ആനന്ദകൃഷ്ണൻ ഐ.പി.എസ്
ട്രാൻസ്പോർട്ട് കമ്മീഷണർ.

പകർപ്പ് :-

1. എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
2. എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും.